# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2760

09-05-2017- ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, വി.ടി.എ. റഹീം<br>,, എം. രാജഗോപാലൻ | | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അനുബന്ധം 1-ആയി ചേർത്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പും ഡയറക്ടറേറ്റും പ്രവർത്തനമാരംഭിച്ചത് ഏത് വർഷമാണ്; | (ബി) | 22-04-2008-ലെ സ.ഉ(കൈ) നമ്പർ 137/08/പൊ.ഭ.വ. പ്രകാരം സെക്രട്ടേറിയറ്റിൽ ന്യൂനപക്ഷസെൽ ആരംഭിച്ചു. 18-08-2012-ലെ സഉ(കൈ) നമ്പർ 212/12/പൊ.ഭ.വ. പ്രകാരം ന്യൂനപക്ഷസെൽ, ന്യൂനപക്ഷ ക്ഷേമ വകുപ്പായി മാറി. 01-01-2011-ലെ സഉ(പി) നമ്പർ 2/2011/പൊ.ഭ.വ. പ്രകാരം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റും രൂപീകൃതമായി. |
| (സി) | സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ന്യൂനപക്ഷക്ഷേമത്തിനായി ന്യൂനപക്ഷ കമ്മീഷനോ ന്യൂനപക്ഷക്ഷേമ കോർപ്പറേഷനോ പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | ഉണ്ട്. അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

(എ)

1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി
3. ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
4. സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെൻറ് സ്കീം
5. എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ബിരുദ/ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി
7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി
8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപ്പൻറ്
10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.
11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.
12. എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.
13. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP)
14. ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് ഷെയർ ക്യാപിറ്റൽ നൽകുന്ന പദ്ധതി

**സെക്ഷൻ ഓഫീസർ**

(ഡി)

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, തൊഴിൽ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 2013 ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്ഥാപിതമായിട്ടുള്ളത്. വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ളത്. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, ഭാഷാപരവുമായുള്ള അവകാശങ്ങളും, സംരക്ഷണ വ്യവസ്ഥകളും, ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും, തെളിവെടുപ്പ് നടത്തുകയും പരിഹാരനടപടികൾ നിർദ്ദേശിക്കുകയും അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും തുടങ്ങി ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന ഒട്ടു മിക്കവിഷയങ്ങളിലും കമ്മീഷന് നേരിട്ടിടപെട്ട് പരിഹാരം നിർദ്ദേശിക്കാവുന്നതാണ്. കഴിഞ്ഞ 3 വർഷക്കാലയളവിൽ സംസ്ഥാനത്തിന്റെ ഒട്ടുമിക്ക ജില്ലകളിലും ഇരുന്നൂറോളം പരാതി പരിഹാര അദാലത്തുകൾ നടത്തുകയും ഇക്കാലയളവിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ നാനാഭാഗത്ത് നിന്നും ലഭിച്ച 1220 ൽപ്പരം പരാതികളിൽ തീരുമാനം കൈക്കൊള്ളുന്നതിനും കമ്മീഷന് സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളെ അവരുടെ കടമകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി ശാക്തീകരിക്കുന്നതിനും കാലാകാലങ്ങളിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും സാമൂഹിക അവസ്ഥയെക്കുറിച്ച് സമഗ്ര അപഗ്രഥനം നടത്തി പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിനും ന്യൂനപക്ഷ കമ്മീഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാനത്ത് എമ്പാടും സെമിനാറുകൾ, ചർച്ചകൾ, സിംപോസിയം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ന്യൂനപക്ഷവിഭാഗങ്ങൾ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ സ്ഥലസന്ദർശനങ്ങളിലൂടെയും വിവിധ സംഘടനാ പ്രതിനിധികളുമായും പൊതുസമൂഹവുമായും ചർച്ച നടത്തിയും പരിഹാരം കാണുന്നതിനും, ന്യൂനപക്ഷവിഭാഗത്തിന്റെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും, ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി അടിയന്തിരമായി സർക്കാർ സ്വീകരിക്കേണ്ട വിവിധ നടപടികളും ന്യൂനപക്ഷ കമ്മീഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം കമ്മീഷൻ ശുപാർശ ചെയ്യാറുണ്ട്.

## സംസ്ഥാന ന്യൂനപക്ഷ വികസനധനകാര്യ കോർപ്പറേഷൻ

കോഴിക്കോട് ചക്കോരത്ത്കുളത്ത് മുഖ്യ ആഫീസും എറണാകുളം, തിരുവനന്തപുരം, മലപ്പുറം , കാസർഗോഡ് എന്നീ ജില്ലകളിൽ മേഖലാ ആഫീസുകളും പ്രവർത്തിക്കുന്നു.

ന്യൂനപക്ഷ ക്ഷേമത്തിനായി ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം/ക്രിസ്ത്യൻ/ ബുദ്ധ/സിഖ്/പാഴ്സി/ജൈന തുടങ്ങിയവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതിക്ക് 6% നിരക്കിലും വിദ്യാഭ്യാസ ആവശ്യത്തിന് 3% നിരക്കിലും കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി രക്ഷിതാക്കൾക്ക് (പേരൻറ് പ്ലസ് വിദ്യാഭ്യാസ വായ്പ) 7% നിരക്കിലും പരമാവധി 5 ലക്ഷം രൂപയും ബിസിനസ്സ് ഡെവലപ്പ്മെൻറ് സ്കീമിന് 7% നിരക്കിൽ പരമാവധി 3 ലക്ഷം രൂപയും വിദേശത്ത് തൊഴിൽ ലഭിച്ച് പോകുന്നവർക്ക് വിസാ വായ്പാ ഇനത്തിൽ (ടിക്കറ്റ് നിരക്ക്+ വിസ നിരക്ക്) 5% നിരക്കിൽ പരമാവധി 2 ലക്ഷം രൂപയും പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 5% നിരക്കിലും വായ്പകൾ നൽകി വരുന്നു. ഇതിനു പുറമെ ഉദ്യോഗസ്ഥർക്ക് വിവിധോദ്ദേശ്യ വായ്പ ഇനത്തിൽ 2 ലക്ഷം രൂപ വരെ 7% നിരക്കിലും അതിന് മുകളിൽ 3 ലക്ഷം രൂപവരെ 9% നിരക്കിലും നൽകി വരുന്നു. കൂടാതെ സംരംഭകത്വ വികസനത്തിനായി പരിശീലന പദ്ധതികളും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ നൽകി വരുന്നു .

കൂടാതെ 40 വയസ്സിന് മുകളിലുള്ള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് നിലവിലുള്ള വീട് പുതുക്കി പണിയുന്നതിന് 2.5 ലക്ഷം രൂപാ വരെ പലിശ രഹിത വായ്പയായി നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**